**കേരള സർക്കാർ**

## സംഗ്രഹം

ധനകാര്യവകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി -2017-18 ചിറ്റൂർ നിയോജകമണ്ഡലം - തത്തമംഗലം നഗരസഭയിലെ "കെ.എസ്.ആർ.ടി.സി. പാർക്കിംഗ് ഗ്രൗണ്ട് നിർമ്മാണം" എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് മുൻകൂറായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (നോഡൽ സെൻ്റർ-സി) വകുപ്പ്**

**സ.ഉ.(സാധാ) നം.8019/2018/ധന.** **തീയതി, തിരുവനന്തപുരം, സെപ്റ്റംബർ 27,2018.**

---

പരാമർശം : 1. 03/06/2014 ലെ സർക്കുലർ നം.54/2014/ധന. ഉത്തരവ്
2. 05/06/2015 ലെ സ.ഉ(പി) നം.213/2015/ധന.
3. പാലക്കാട് ജില്ലാ കളക്ടറുടെ ആർ.ഡി.5/എ.ഡി.എസ്/3053/2017/8 നമ്പർ ഉത്തരവ്
4. പാലക്കാട് ജില്ലാ കളക്ടറുടെ ആർ.ഡി.5/എ.ഡി.എസ്/3053/2017/ കത്ത്

## ഉത്തരവ്

ചിറ്റൂർ നിയോജകമണ്ഡലത്തിലെ തത്തമംഗലം നഗരസഭയിലെ "കെ.എസ്.ആർ.ടി.സി. പാർക്കിംഗ് ഗ്രൗണ്ട് നിർമ്മാണം" എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് ബഹു. എം.എൽ.എ ശ്രീ. കെ. കൃഷ്ണൻകുട്ടി അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. പ്രവൃത്തി നടപ്പിലാക്കുന്നതിനായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിയ്ക്ക് മുൻകൂർ തുകയായി സാങ്കേതികാനുമതി തുകയുടെ 20% അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം പാലക്കാട് ജില്ലാ കളക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ തുക "5475-00-800-91- നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി (നോൺപ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നാണ് വഹിക്കേണ്ടത്. ധനകാര്യ വകുപ്പിൽ നിന്നുള്ള അനുമതി ഉത്തരവിൻ്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട അംഗീകൃത ഏജൻസിയ്ക്ക് ഭരണ വകുപ്പ്/വകുപ്പു തലവൻമാർ തുക പിൻവലിച്ച് വിതരണം ചെയ്യേണ്ടതാണ്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ചിറ്റൂർ നിയോജകമണ്ഡലത്തിലെ തത്തമംഗലം നഗരസഭയിലെ "കെ.എസ്.ആർ.ടി.സി. പാർക്കിംഗ് ഗ്രൗണ്ട് നിർമ്മാണം" എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് അനുവദിച്ച തുകയായ 50,00,000/- രൂപയുടെ 20% ആയ 10,00,000/-രൂപ (പത്ത് ലക്ഷം രൂപ മാത്രം) മുൻകൂറായി " 5475-00-800-91- നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി (നോൺപ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനു അനുവദിച്ചു നൽകുന്നതിനായി **പാലക്കാട് ജില്ലാ കളക്ടർക്ക** പരാമർശം (2) ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**അജിത് കുമാർ എ.**
**ജോയിൻ്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പാലക്കാട്.
ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്.
ചെയർമാൻ , ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്.
ജോയിന്റ് സെക്രട്ടറി/അണ്ടർ സെക്രട്ടറി , ധനകാര്യ(അക്കൗണ്ട്സ് )വകുപ്പ്
അഡീഷണൽ സെക്രട്ടറി, ധനകാര്യ(ബജറ്റ് വിംഗ്)വകുപ്പ്
നോഡൽ ഓഫീസർ www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**